**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **24-08-2022 - ൽ മറുപടിയ്ക്ക്**

**മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കു വേണ്ട അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളത്തിനായും കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെയും കിണറുകളിലെയും മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്നതിനും നീക്കം ചെയ്ത ചെളി പുറത്തു കൊണ്ടുപോകുന്നതിനും പ്രത്യേകം അനുമതി ആവശ്യമാണെന്ന ജിയോളജി വകുപ്പിന്റെ കർശന നിലപാട് മൂലം കർഷകരും ജനങ്ങളും അനുഭവിക്കുന്ന പ്രതിസന്ധി ഇല്ലാതാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കുടിവെള്ളത്തിനായും, കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരത്തിൽ ലഭിക്കുന്ന ധാതുക്കൾ നീക്കം ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നല്കുന്ന അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃത റോയൽറ്റി ഈടാക്കി ധാതുക്കൾ ഗതാഗതം ചെയ്യുന്നതിന് അനുമതി നൽകാറുണ്ട്. സ്വകാര്യ വ്യക്തികൾക്ക് ഇത്തരത്തിൽ ധാതുക്കൾ കൊണ്ടുപോകുന്നതിന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്. |
| (ബി) | മൈനിങ്ങിന്റെ പരിധിയിൽപ്പെടാത്ത ഈ പ്രശ്നത്തിന് പരിഹാരം കാണാൻ മൈനിങ് ആന്റ് ജിയോളജി വകുപ്പ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ബി) | കുടിവെള്ളത്തിനായും, കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരത്തിൽ ലഭിക്കുന്ന ധാതുക്കൾ നീക്കം ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നല്കുന്ന അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃത റോയൽറ്റി ഈടാക്കി ധാതുക്കൾ ഗതാഗതം ചെയ്യുന്നതിന് അനുമതി നൽകാറുണ്ട്. സ്വകാര്യ വ്യക്തികൾക്ക് ഇത്തരത്തിൽ ധാതുക്കൾ കൊണ്ടുപോകുന്നതിന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ